# കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെൻറ് ബോർഡ്

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

ഹൈ ടെക് ബുൾ മദർ ഫാം, കോലാഹലമേട്, ഇടുക്കി -685501

ഫോൺ : 9446004284, 9446004286

എച്ച് ടി എഫ് /കെ ഡി ഇ /15/2014 /വാല്യം.VII — തീയതി : 15.11.2024

## ലേലപ്പരസ്യം

കേരള കന്നുകാലി വികസന ബോർഡിൻറെ കോലാഹലമേട് ഫാമിൽ നിന്നും ഉദ്ദേശം 15 ഉരുക്കൾ പരസ്യ ലേലത്തിൽ /ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽക്കുന്നതാണ് .

| സ്ഥലം | സീൽഡ് ക്വട്ടേഷൻ വാങ്ങുന്ന ഉദ്യോഗസ്ഥൻ | ഉരുക്കളുടെ എണ്ണം | സീൽഡ് ക്വട്ടേഷൻ സമർപ്പിക്കേണ്ട സമയം | ലേലം തുടങ്ങുന്ന തീയതിയും സമയവും |
|---|---|---|---|---|
| കെ എൽ ഡി ബോർഡ് കോലാഹലമേട് | മാനേജർ (എഫ് ഡി) കെ എൽ ഡി ബോർഡ് കോലാഹലമേട് | 15 ഉരുക്കൾ | 10.12.2024 രാവിലെ 10.30 മണി വരെ ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 1000 രൂപാ അടച്ചതിൻറെ രസീത് ഉള്ളടക്കം ചെയ്തിരിക്കണം | 10.12.2024 രാവിലെ 11 മണി മുതൽ |

## വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കു ചേരുവാൻ ഉദ്ദേശിക്കുന്നവർ നിരതദ്രവ്യമായി 1000 രൂപാ പണമായോ ഡിമാൻഡ് ഡ്രാഫ്റ്റായോ 10.12.2024-ന് രാവിലെ 10.30 മണിക്ക് മുൻപായി ഓഫീസിൽ അടച്ചിരിക്കേണ്ടതാണ്.
2. ഡി ഡി വാങ്ങുന്നത് Special officer കെ എൽ ഡി ബോർഡ് കോലാഹലമേട് എന്ന പേരിൽ SBI ശാഖകളിൽ നിന്നും മാറത്തക്ക വിധം ആയിരിക്കണം. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഓരോ ഉരുവിനും പ്രത്യേകം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനിൽ 1000 രൂപാ നിരതദ്രവ്യം അടച്ചതിൻറെ രസീത് അടക്കം ചെയ്തിരിക്കണം. സീൽഡ് ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഏത് ഉരുവിനാണോ ക്വോട്ട് ചെയ്യുന്നത് ആ ഉരുവിൻറെ നമ്പറും ക്വോട്ട് ചെയ്യുന്ന വിലയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കവറിനു പുറത്തു ഉരുവിൻറെ നമ്പർ, ക്വോട്ട് ചെയ്യുന്ന ആളുടെ പേര് എന്നിവ രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സമർപ്പിക്കാത്തവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ നിരതദ്രവ്യം നിശ്ചിത സമയത്തിനുള്ളിൽ അടച്ചിരിക്കണം. യാതൊരു കാരണവശാലും നിരതദ്രവ്യം അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

3. സീൽഡ് ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന ഓരോ ഉരുവിൻറെയും കൂടിയ തുകയോ ഉരുക്കളെ പരസ്യമായി ലേലം ചെയ്യുമ്പോൾ കിട്ടുന്ന തുകയോ ഏതാണ് കൂടിയത് എന്ന് നോക്കി ലേലം ഉറപ്പിക്കുന്നതാണ്.

4. ന്യായമായ വില കിട്ടാത്ത ഉരുക്കളുടെ ലേലം സ്ഥിരപ്പെടുത്താതിരിക്കാനുള്ള അധികാരം ലേലം നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

5. ലേലം സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ ലേലത്തുകയുടെ മൂന്നിലൊന്ന് അഡ്വാൻസായി അപ്പോൾ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്.

6. ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം അടച്ച വ്യക്തികൾക്കോ അവർ നിർദേശിക്കുന്ന വ്യക്തിക്കോ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. നിരതദ്രവ്യം അടച്ചതിൻറെ രസീത് ലേലത്തിന് മുൻപ് ലേലത്തിൽ പങ്കു കൊള്ളുന്നവർ ഹാജരാക്കേണ്ടതാണ് .

7. ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ 5 പ്രവൃത്തി ദിവസത്തിനുള്ളിൽ (17.12.2024 വൈകുന്നേരം 5 മണി) പണം മുഴുവൻ അടച്ച് പശുക്കളെ കൊണ്ടുപോകേണ്ടതാണ്. അല്ലാത്തപക്ഷം ടി ഉരുവിൻറെ ദൈനം ദിന ചിലവുകൾക്കായി പ്രതി ദിനം 200 രൂപ ക്രമത്തിൽ നിരതദ്രവ്യം / ലേലത്തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

8. പതിനഞ്ച് ദിവസം കഴിഞ്ഞിട്ടും ഉരുക്കളെ കൊണ്ടു പോകാത്ത സാഹചര്യത്തിൽ ഉരുക്കളുടെ മുൻകൂർ അടച്ച ലേലത്തുക കെ എൽ ഡി ബോർഡിലേയ്ക്ക് കണ്ടുകെട്ടുന്നതും അത്തരം പശുക്കളുടെ മേൽ ലേലം കൊണ്ടയാൾക്ക് യാതൊരു അവകാശവും പിന്നീട് ഉണ്ടായിരിക്കുന്നതുമല്ല.

9. ഉരുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ തത്സമയത്ത് ഫാം രേഖകളിൽ അടിസ്ഥാനമാക്കിയുള്ളതാണ്. ലേല ശേഷം ലേലക്കാരൻറെ ഉദ്ദേശങ്ങൾക്കോ പരിതസ്ഥിതി മാറ്റങ്ങൾക്കോ വിധേയമായി ഉണ്ടായേക്കാവുന്ന ഒരു ന്യൂനതയ്ക്കും ബോർഡ് ഉത്തരവാദി ആയിരിക്കുന്നതല്ല. ഒരിക്കൽ വിറ്റ ഉരുവിനെ യാതൊരു കാരണവശാലും ബോർഡിലേയ്ക്ക് തിരികെ എടുക്കുന്നതല്ല.

10. ഉരുക്കളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ കെ എൽ ഡി ബോർഡ് കോലാഹലമേട് ഡെപ്യൂട്ടി മാനേജർ (എ.എച്ച്)-നെ സമീപിക്കേണ്ടതാണ്. ഉരുക്കളുടെ ശാരീരികാവസ്ഥയും മറ്റു ഗുണങ്ങളും ലേലക്കാർ നേരിട്ടോ വിദഗ്ധരുടെ സഹായം മൂലമോ സ്വയം ബോധ്യപ്പെടേണ്ടതാണ്. 2024 ഡിസംബർ മാസം 7, 9 തീയതികളിൽ ലേലക്കാർക്ക് ഉരുക്കളെ കണ്ട് ബോധ്യപ്പെടാവുന്നതാണ്.

ഒപ്പ്

മാനേജർ (എഫ് ഡി )